**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത** | **31.01.2014 ൽ** |
| **ചോദ്യം നം.4022** | **മറുപടിയ്ക്ക്** |

## യുവജനക്ഷേമ ബോർഡിന്റെ സ്വയംതൊഴിൽ പരിശീലനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.സി. വിഷ്ണുനാഥ്:**<br>**ശ്രീ. ഷാഫി പറമ്പിൽ:**<br>**ശ്രീ. വി.റ്റി. ബൽറാം:**<br>**ശ്രീ. ഹൈബി ഈഡൻ:** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്വയംതൊഴിൽ പരിശീലനത്തിനും ബോധവൽക്കരണ ക്യാമ്പയിനുകൾക്കും രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി),(സി) & (ഡി) |
| (സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ച തെന്ന് വിശദമാക്കുമോ;<br><br>(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ? | കേരളത്തിലെ യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അവരെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകൾ / സന്നദ്ധ സംഘടനകൾ എന്നിവ മുഖേനയും ബോർഡ് നേരിട്ടും സ്വയംതൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിനായി ഓരോ പ്രദേശത്ത് നിന്നും അനുയോജ്യമായ സ്വയംതൊഴിൽ പരിശീലനം സംഘടിപ്പിക്കുവാൻ താൽപ്പര്യമുള്ള യുവജന ക്ലബ്ബുകൾ / സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് അവർ നൽകുന്ന പ്രോജക്റ്റിനനുസരിച്ച് ധനസഹായം നൽകിവരുന്നു. മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങിയ സമൂഹത്തെ കാർന്നു തിന്നുന്ന വിപത്തുകളെ കുറിച്ച് യുവാക്കളെ ബോധവാന്മാരാക്കുന്നതിനായി യൂത്ത് ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. കൂടാതെ യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ |

സംസ്ഥാന എക്സൈസ് വകുപ്പിന്റെയും എൻ.എസ്. എസിന്റെയും സഹകരണത്തോടെ 34 ലക്ഷം രൂപ ചെലവിൽ ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ 2014 ജനുവരി 3 മുതൽ ഫെബ്രുവരി 11 വരെ സംഘടിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ